പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 87

# 2007-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2007

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 87

# 2007-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

257/2007.

# 2007-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തെട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 91-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20), 91-ാം വകുപ്പിലെ നിലവിലുള്ള വ്യവസ്ഥകൾ അതിന്റെ ഒന്നാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട ഒന്നാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത് :—

"(2) (1)-ാം ഉപവകുപ്പ് (പി) ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2007-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ് നിലവിൽ വന്ന തീയതിയിൽ, 143-എ വകുപ്പുപ്രകാരം നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ആസ്തി-ബാദ്ധ്യത സംബന്ധിച്ച പ്രസ്താവം നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള ഒരംഗം, അയാൾ പ്രസ്തുത ആക്റ്റ് നിലവിൽ വന്ന തീയതി മുതൽ 90 ദിവസത്തിനകം അപ്രകാരമുള്ള പ്രസ്താവം ബന്ധപ്പെട്ട അധികാരി മുൻപാകെ നൽകുന്നപക്ഷം, അയോഗ്യനായി കരുതപ്പെടുന്നതല്ല."

## ഉദ്ദേശകാരണങ്ങളുടെ വിവരണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 143-എ വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം ഒരു കൗൺസിലർ തന്റെ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്ന് മാസത്തിനകം നിശ്ചിത ഫോറത്തിൽ അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും സ്വത്തുക്കളുടെയും ബാദ്ധ്യതകളുടെയും സ്റ്റേറ്റ്മെന്റ് സർക്കാർ വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്ന കോമ്പീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കാൻ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ സംസ്ഥാനത്തെ പല നഗരസഭാ കൗൺസിലർമാരും ആസ്തി ബാദ്ധ്യതാ വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം ബന്ധപ്പെട്ട കോമ്പീറ്റന്റ് അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടില്ല.

2. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരം ആസ്തി ബാദ്ധ്യത സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകാത്ത കൗൺസിലർമാരെ പ്രസ്തുത ആക്റ്റിലെ 91-ാം വകുപ്പ് (പി) ഖണ്ഡപ്രകാരം കൗൺസിലറായി തുടരുന്നതിന് അയോഗ്യത കല്പിക്കുവാനും വ്യവസ്ഥയുണ്ട്.

3. ഈ വ്യക്തികളെ അയോഗ്യരാക്കുന്നതുവഴി പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഭരണ പ്രതിസന്ധിയുണ്ടാകാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ സ്വത്തുക്കളുടെയും ബാദ്ധ്യതകളുടെയും സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്ത കൗൺസിലർമാരെ ഒരേ ഒരു തവണത്തേക്ക് അയോഗ്യരാക്കാതിരിക്കുന്നതിനായി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ ബന്ധപ്പെട്ട വകുപ്പുകളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചു.

4. പ്രസ്തുത ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പാലോളി മുഹമ്മദ് കുട്ടി.

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

| | | | |
|---|---|---|---|
| ** | ** | ** | ** |
| ** | ** | ** | ** |

91. കൗൺസിലർമാരുടെ അയോഗ്യത.—92-ാം വകുപ്പിലേയോ 178-ാം വകുപ്പിലേയോ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു കൗൺസിലർ,—

(എ) 90-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വിവരിച്ച പ്രകാരം കുറ്റക്കാരനാണെന്ന് കാണുകയോ അപ്രകാരമുള്ള കുറ്റത്തിന് വിധിക്കപ്പെട്ടിരിക്കുകയോ; അഥവാ

(ബി) സ്ഥിരബുദ്ധി ഇല്ലാത്ത ആളാണെന്ന് വിധിക്കപ്പെട്ടിരിക്കുകയോ; അഥവാ

(സി) ഒരു വിദേശ രാഷ്ട്രത്തിലെ പൗരത്വം സ്വേച്ഛയാ ആർജ്ജിച്ചിരിക്കുകയോ ; അഥവാ

(ഡി) 160-ാം വകുപ്പിന്റെയോ അല്ലെങ്കിൽ 162-ാം വകുപ്പിന്റെയോ കീഴിൽ ശിക്ഷാർഹമായ ഏതെങ്കിലും തിരഞ്ഞെടുപ്പ് കുറ്റത്തിന് ഒരു ക്രിമിനൽ കോടതിയാൽ ശിക്ഷിക്കപ്പെട്ടിരിക്കുകയോ അഥവാ ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച അഴിമതി പ്രവർത്തികൾമൂലം ഏതെങ്കിലും തിരഞ്ഞെടുപ്പവകാശം വിനിയോഗിക്കുന്നതിൽനിന്നും അയോഗ്യനാക്കപ്പെട്ടിരിക്കുകയോ ചെയ്തിരിക്കുകയും അങ്ങനെയുള്ള ശിക്ഷയുടെയോ അയോഗ്യതയുടെയോ തീയതി മുതൽ ആറുവർഷം കഴിയാതിരിക്കുകയും ചെയ്യുന്നുവെങ്കിലോ ; അഥവാ

(ഇ) ഒരു പാപ്പരായി വിധിക്കപ്പെടുന്നതിന് അപേക്ഷിച്ചിരിക്കുകയോ അഥവാ പാപ്പരായി വിധിക്കപ്പെട്ടിരിക്കുകയോ ; അഥവാ

(എഫ്) ഒരു കമ്പനിയിലെ ഒരു ഓഹരിക്കാരൻ (ഡറക്ടറല്ലാത്ത) എന്ന നിലയിലോ അഥവാ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾമൂലം അനുവദിക്കുന്ന പ്രകാരമോ അല്ലാതെ സർക്കാരുമായോ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുമായോ ഉണ്ടാക്കിയ നിലനിൽക്കുന്ന ഏതെങ്കിലും കരാറിലോ സർക്കാരിനുവേണ്ടിയോ ആ മുനിസിപ്പാലിറ്റിക്കു വേണ്ടിയോ ചെയ്യുന്ന ജോലിയോ എന്തെങ്കിലും അവകാശബന്ധം ആർജ്ജിക്കുകയോ.

വിശദീകരണം.—ഒരാൾ സർക്കാരിന്റെയോ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെയോ കാര്യാദികളെ സംബന്ധിച്ച് ഏതെങ്കിലും പരസ്യം കൊടുത്തേക്കാവുന്ന ഏതെങ്കിലും വർത്തമാനപത്രത്തിൽ തനിക്ക് പങ്കോ അവകാശബന്ധമോ ഉണ്ടെന്നുള്ള കാരണത്താലോ അല്ലെങ്കിൽ ഒരു കടപത്രം താൻ കൈവശം വയ്ക്കുന്നുവെന്ന കാരണത്താലോ അല്ലെങ്കിൽ സർക്കാരോ സർക്കാരിനുവേണ്ടിയോ അഥവാ ആ മുനിസിപ്പാലിറ്റിയോ മുനിസിപ്പാലിറ്റിക്കുവേണ്ടിയോ വാങ്ങുന്ന ഏതെങ്കിലും വായ്പയുമായി മറ്റ് വിധത്തിൽ ബന്ധപ്പെട്ടിരിക്കുകയോ ചെയ്യുന്നുവെന്ന കാരണത്താലോ ഈ ഖണ്ഡപ്രകാരം അയോഗ്യനായിരിക്കുന്നതല്ല ; അഥവാ

(ജി) ബന്ധപ്പെട്ട മുനിസിപ്പാലിറ്റിക്കുവേണ്ടി പ്രതിഫലം പറ്റുന്ന അഭിഭാഷകനായി നിയോഗിക്കപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ആ മുനിസിപ്പാലിറ്റിക്കെതിരായി അഭിഭാഷകനായി ജോലി സ്വീകരിച്ചിരിക്കുകയോ ; അഥവാ

(എച്ച്) ആ മുനിസിപ്പാലിറ്റിയിൽ താമസക്കാരനല്ലാതായിത്തീരുകയോ; അഥവാ

(ഐ) ഒരു അഡ്വക്കേറ്റായോ വക്കീലായോ പ്രാക്ടീസ് ചെയ്യുന്നതിൽ നിന്നും വിലക്കപ്പെട്ടിരിക്കുകയോ ; അഥവാ

(ജെ) മുൻവർഷം വരെയും മുൻവർഷം ഉൾപ്പെടെയും ആ മുനിസിപ്പാലിറ്റിയിലേക്ക് (വിശ്വാസാധിഷ്ഠിത നിലയിലല്ലാതെ) താൻ കൊടുക്കേണ്ട ഏതെങ്കിലും ഇനത്തിൽ കുടിശ്ശിക വരുത്തുകയും അത് സംബന്ധിച്ച് ഒരു ബില്ലോ നോട്ടീസോ അയാളുടെമേൽ യഥാവിധി നടത്തുകയും അതിൽ ഏതെങ്കിലും സമയം നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആ സമയം കഴിയുകയും ചെയ്തിരിക്കുയോ ; അഥവാ

(കെ) അതതു സംഗതിപോലെ, തന്റെ ഉദ്യോഗകാലം ആരംഭിക്കുന്ന തീയതി മുതൽക്കോ അല്ലെങ്കിൽ താൻ ഹാജരായ ഒടുവിലത്തെ യോഗത്തിന്റെ തീയതി മുതൽക്കോ അല്ലെങ്കിൽ 93-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം തന്നെ കൗൺസിലറുടെ സ്ഥാനത്ത് പുനഃസ്ഥാപിച്ച് തീയതി മുതൽക്കോ കണക്കാക്കിയാൽ തുടർച്ചയായി മൂന്നുമാസക്കാലം ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ അനുവാദം ഇല്ലാതെ അതതു സംഗതിപോലെ, കൗൺസിലിന്റെയോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ അല്ലെങ്കിൽ മേൽപ്പറഞ്ഞ മൂന്ന് മാസക്കാലത്തിനുള്ളിൽ മൂന്നിൽ കുറവ് യോഗങ്ങൾ മാത്രം കൂടിയിട്ടുള്ള പക്ഷം, പ്രസ്തുത തീയതിക്കുശേഷം നടത്തിയ അതിന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുയോ,

എന്നാൽ, ഒരു കൗൺസിലർ ഹാജരാകാതിരിക്കുന്ന യാതൊരു യോഗവും

(i) ആ യോഗത്തെ സംബന്ധിച്ച് അയാൾക്ക് യഥാവിധി നോട്ടീസ് നൽകിയിട്ടില്ലാത്ത പക്ഷം ; അഥവാ

(ii) ഒരു സാധാരണ യോഗത്തിന് നിർണ്ണയിക്കപ്പെട്ടതിനേക്കാൾ ചുരുങ്ങിയ കാലത്തെ നോട്ടീസ് നൽകിയതിനുശേഷം യോഗം നടത്തിയിട്ടുള്ളപക്ഷം ; അഥവാ

(iii) കൗൺസിലർമാർ ആവശ്യപ്പെട്ടതനുസരിച്ച് യോഗം നടത്തിയിട്ടുള്ള പക്ഷം ;

ഈ ഖണ്ഡത്തിൻകീഴിൽ അയാൾക്ക് എതിരായി കണക്കിലെടുക്കാൻ പാടില്ലാത്തതാകുന്നു ;

എന്നിരുന്നാലും, മുനിസിപ്പാലിറ്റി യാതൊരു കാരണവശാലും തടുർച്ചയായി ആറുമാസത്തിൽ കൂടുതൽ കാലയളവിലേക്ക് കൗൺസിലിന്റെയോ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയോ യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുന്നതിന് ഒരു കൗൺസിലർക്ക് അനുവാദം നൽകാൻ പാടില്ലാത്തതാകുന്നു ; അഥവാ

(എൽ) ഭരണഘടനയിലേയോ അല്ലെങ്കിൽ സംസ്ഥാന നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലേയോ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം അയോഗ്യനാക്കപ്പെട്ടിരിക്കുകയോ ; അഥവാ

(എൽ എൽ) 1999-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അയോഗ്യനാക്കപ്പെട്ടിരിക്കുകയോ; അഥവാ

(എം) ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥകൾ പ്രകാരം അയോഗ്യനാക്ക പെട്ടിരിക്കുയോ ചെയ്താൽ,

(എൻ) മുനിസിപ്പാലിറ്റിയുടെ ധനത്തിന്റെയോ വസ്തുക്കളുടെയോ നഷ്ടത്തിനോ പാഴാക്കലിനോ ദുർവിനിയോഗത്തിനോ ഉത്തരവാദിയാണെങ്കിൽ ; അഥവാ

(ഒ) താൻ കൺവീനറായിരിക്കുന്ന വാർഡ് കമ്മിറ്റിയോ വാർഡ് സഭയോ മൂന്ന് മാസത്തിലൊരിക്കൽ വിളിച്ചുകൂട്ടുന്നതിൽ തുടർച്ചയായി രണ്ട് തവണ വീഴ്ച വരുത്തുകയാണെങ്കിൽ ; അഥവാ

(പി) 143 എ വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്റെ ആസ്തിയെ സംബന്ധിച്ചുള്ള പ്രസ്താവം നൽകുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ; അഥവാ

(ക്യൂ) 89-ാം വകുപ്പ് പ്രകാരം അയോഗ്യനായി പ്രഖ്യാപിക്കപ്പെട്ടിരിക്കുക യാണെങ്കിൽ.

അയാൾ ഒരംഗമായി ഉദ്യോഗത്തിൽ തുടരാൻ പാടില്ലാത്തതാണ്.

** ** ** **

** ** ** **